# കേരകർഷകർ ധർണ നടത്തി




നീര കർഷകർ മലപ്പുറം കളക്ടറേറ്റിലേക്ക് മാർച്ച് നടത്തുന്നു

**കൊച്ചി:** നീര ഉല്പാദിപ്പിക്കുന്ന നാളികേര കർഷകരോട് സരക്കാർ കാണിക്കുന്ന അവഗണനയിലും വാദ്ഗാന ലംഘനത്തിലും പ്രതിഷേധിച്ച് ജില്ലാ കളക്ടറേറ്റു കാംക്കുമുന്നിൽ കർഷകർ ധർണ നടത്തി.നാളികേര വികസന ബോർഡിനുകീഴിൽ പ്രവർത്തിക്കുന്ന 19 കേരോല്പാദക കമ്പനികളുടെ കൂട്ടായ്മയായ കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ഇൻ കേരള നടത്തിയ ധർണ പൂർണ വിജയമായിരുന്നുവെന്ന് കൺസോർഷ്യം ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ അറിയിച്ചു.

ഒരു രാഷ്ട്രീയ പാർട്ടിയുടെയും പിന്തുണ ഇല്ലാതെതന്നെ മികച്ച സംഘടിത ശക്തിയായി മാറിക്കഴിഞ്ഞ കേരകർഷകരുടെ കൂട്ടായ്മയ്ക്ക് മാർക്സിസ്റ്റ് പാർട്ടിയുടെ പൂർണ പിന്തുണ ലഭ്യമാക്കുമെന്ന് കൊല്ലം ജില്ലയിലെ ധർണ ഉദ്ഘാടനം ചെയ്തുകൊണ്ട് കർഷക സംഘം സംസ്ഥാന ജോയിൻറ് സെക്രട്ടറി ജോർജ് മാത്യു പറഞ്ഞു. കനത്ത മഴയെ അവഗണിച്ച് ഏഴായിരത്തോളംവരുന്ന കർഷകർ മലപ്പുറം ജില്ലയിലെ ധർണയിൽ പങ്കെടുത്തു. മലപ്പുറത്തും കണ്ണൂരും കർഷകർ ചിരട്ടകൊട്ടിയാണ് ജാഥയിൽ പങ്കെടുത്തത്.

പേരാവൂർ എം.എൽ.എ. അഡ്വ. സണ്ണി ജോസഫ് കണ്ണൂരിലും കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ അഡ്വ. പ്രിയേഷ് കുമാർ ആലപ്പുഴയിലും ധർണ ഉദ്ഘാടനം ചെയ്തു. മലപ്പുറം ജില്ലയിലെ ധർണ കൺസോർഷ്യം ജനറൽ സെക്രട്ടറി നാസർ പൊന്നാട് ഉദ്ഘാടനം ചെയ്തു.